(സി & ഡി) കെ.എസ്.എഫ്.ഇ.-യുടെ സമഗ്രമായ വികസനം മുന്നിൽക്കണ്ട്, കമ്പനി restructure ചെയ്യുന്നതു സംബന്ധിച്ച് ഒരു പ്രൊഫഷണൽ ഏജൻസി വഴി പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ ശിപാർശകൾ ലഭിച്ച ശേഷമേ പുതിയ റീജിയണൽ/സോണൽ ഓഫീസുകൾ ആരംഭിക്കേണ്ടതുണ്ടോയെന്നും ഇതിന് വേണ്ടിവരുന്ന അധിക ചെലവും തീരുമാനിക്കാൻ കഴിയൂ. ആവശ്യപ്പെട്ട പ്രകാരമുള്ള പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി

196 (2434) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്ഇ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം എപ്രകാരമെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.എഫ്ഇ.-യുടെ ഏതെല്ലാം ശാഖയിലാണ് ഈ പദ്ധതി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി ഏതെല്ലാം ശാഖകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊഫഷണൽ രംഗത്തെ പഠനം വളരെ ചെലവേറി വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമാകുന്നതിനു വേണ്ടി കെ.എസ്.എഫ്.ഇ. വിഭാവനം ചെയ്ത് നടപ്പിലാക്കിയ നൂതന വിദ്യാഭ്യാസ പദ്ധതിയാണ് പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി. കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ഒരു ലക്ഷ്യംകൂടി ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്നുണ്ട്. അവരുടെ ചെറിയ സമ്പാദ്യങ്ങൾ കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ള ഒരു സേവിംഗ് പോട്ടിൽ നിക്ഷേപിക്കുകയും ആയത് അതാത് സ്റ്റേ അധികൃതർ സൂക്ഷിക്കുകയും ചിട്ടിയുടെ തീയതിയിൽ അത് തുറന്ന് തവണ സംഖ്യയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി അവരുടെ രക്ഷകർത്താവിന്റെ പേരിൽ പ്രതിമാസ തവണകളായി 2000, 3000, 5000 രൂപ നിരക്കിൽ 30, 40, 60,

LIBRARY ARCHIVES Kerala Legislative Assembly

70, 80, 90 മാസ കാലാവധിയുള്ള ചിട്ടികളിൽ ചേർന്നുകൊണ്ട് ഈ പദ്ധതിയിൽ അംഗങ്ങളാകാം. ഇതിനായി കെ.എസ്.എഫ്.ഇ-യുടെ 7 മേഖലകളിൽ നിന്നും തെരഞ്ഞെടുത്ത 7 ശാഖകളിൽ ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതി കൂടുതൽ ശാഖകളിലേയ്ക്ക് താമസിയാതെ വ്യാപിപ്പിക്കുന്നതാണ്. ചിട്ടിപിടിച്ച ശേഷം ചിട്ടിയുടെ കാലാവധി തീരുന്നതുവരെ അതായത് കുട്ടിയുടെ +2 വിദ്യാഭ്യാസം കഴിയുന്നതുവരെ കെ.എസ്.എഫ്.ഇ.-യുടെ CSDT എന്ന സ്ഥിര നിക്ഷേപപദ്ധതിയിൽ നിക്ഷേപിക്കുന്നതാണ്. പ്രസ്തുത നിക്ഷേപത്തിന് സാധാരണ സ്ഥിര നിക്ഷേപത്തിൽ നിന്നും അധികമായി പലിശ നൽകുന്നതായിരിക്കും. മറ്റെല്ലാ കാര്യങ്ങളും സാധാരണ ചിട്ടി നിയമപ്രകാരം തന്നെയാണ് നടപ്പിലാക്കുക.

(സി)

ശാഖ		ജില്ല
വഴുതക്കാട്	-	തിരുവനന്തപുരം
വടയാറ്റുകോട്ട	-	കൊല്ലം
കാഞ്ഞിരപ്പള്ളി	-	കോട്ടയം
പാലാരിവട്ടം	-	എറണാകുളം
ചെമ്പുകാവ്	-	തൃശ്ശൂർ
മലപ്പുറം	-	മലപ്പുറം
പയ്യന്നൂർ	-	കണ്ണൂർ

(ഡി) പദ്ധതി കൂടുതൽ ശാഖകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

തോട്ടം മേഖലയിലെ നികുതി വെട്ടിപ്പുകൾ

197 (2435) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തോട്ടം മേഖലയിൽ നടക്കുന്ന നികുതി വെട്ടിപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്പനികാര്യ നിയമത്തിലെ 394-ാം വകുപ്പിന്റെ മറവിൽ ഹൈക്കോടതിയിൽ നൽകുന്ന ഹർജിയിലൂടെ ആയിരക്കണക്കിന് ഏക്കർ ഭൂമിയുടെ കൈമാറ്റം ഫീസോ സ്റ്റാമ്പ് ഡ്യൂട്ടിയോ അടയ്ക്കാതെ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഷെയർ കൈമാറ്റത്തിലൂടെ നടക്കുന്ന ഈ ഭൂമി കൈമാറ്റത്തിലൂടെ സർക്കാരിന് നഷ്ടപ്പെടുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ എന്തെങ്കിലും നിയമനടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഇതിനായി നിയമനിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly